ചന്ദ്രഭാനു കമ്മീഷൻ റിപ്പോർട്ട്

* 204 [253] ശ്രീ. കെ. പുരുഷോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ചന്ദ്രഭാനു കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും പ്രത്യേക സംവിധാനം പരിഗണനയിലുണ്ടോ;

(ബി) മുൻഗവൺമെൻറ് നിയോഗിച്ചിരുന്ന കാസർകോഡ് ഡവലപ്പ്മെൻറ് അതോറിറ്റിയുടെ പ്രവർത്തനം നിർത്തലാക്കാൻ കാരണമെന്താണ്;

(സി) കാസർകോഡ് ജില്ലയുടെ വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിന് ഒരു വികസന അതോറിറ്റി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) പ്രത്യേക ജില്ലാ രൂപീകരണത്തെത്തുടർന്ന് വിശേഷാൽ സംവിധാനമൊന്നും പരിഗണനയിലില്ല.

(ബി) കാസർകോഡ് ജില്ല ആരംഭിച്ചതുമൂലം കാസർകോഡ് ഡവലപ്പ്മെൻറ് അതോറിറ്റി അപ്രസക്തമായിത്തീർന്നതുകൊണ്ട്.

(സി) കാസർകോഡിൻെറ സമഗ്രവികസനം ലക്ഷ്യമാക്കി ഒരു പ്രത്യേക ജില്ലതന്നെ രൂപം പ്രാപിച്ചിട്ടുള്ളതിനാൽ ഇനിയുമൊരു വികസന അതോറിറ്റിക്കു സാംഗത്യമില്ലെന്നതാണ് വസ്തുത.

വനഭൂമി നഷ്ടപ്പെട്ടവർക്ക് പകരം ഭൂമി ലഭ്യമാക്കാൻ നടപടി

* 205 [254] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വനഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കൽ നിയമമനുസരിച്ച് വനഭൂമി നഷ്ടപ്പെട്ടവർക്ക് സർക്കാർ പകരം ഭൂമി നൽകിയോ;

(ബി) എങ്കിൽ ഓരോരുത്തർക്കും എത്ര ഏക്കർ ഭൂമി വീതമാണ് നൽകിയത്;

(സി) എന്തു വ്യവസ്ഥകളിൻമേലാണ് ഇവർക്ക് ഭൂമി നൽകിയത്;

(ഡി) ഇതിനു അർഹരായവരെ തെരഞ്ഞെടുക്കുന്നതിനുള്ള സംവിധാനമെന്തായിരുന്നു;

(ഇ) എത്രപേരെ ഇങ്ങനെ തെരഞ്ഞെടുത്തിട്ടുണ്ട്;

(എഫ്) എത്രപേർക്ക് ഇതിനകം ഭൂമി നൽകിക്കഴിഞ്ഞു?

LIBRARY ARCHIVES Kerala Legislative Assembly